LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദിഷ്ട കറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്ഥലം ഉടമ ഉയർന്ന നഷ്ടപരിഹാരത്തിനുവേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 07-10-2015-ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. എൽ.എ. ആക്ടിന്റെ സെക്ഷൻ 11(1) അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി മൂന്നു മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ കെ.എസ്.ഐ.ഡി.സി. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ വ്യവസായ വകുപ്പ് ഒരു കക്ഷിയല്ല.

(സി) കോടതിയിൽ കേസ് വന്നതിനുശേഷം നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

205 (590) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വ്യവസായവകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഈ സ്ഥാപനങ്ങൾ ഏത് കാലത്താണ് ആരംഭിച്ചത്; തുടങ്ങിയ സ്ഥാപനങ്ങൾ ഏതെങ്കിലും അടച്ച് പൂട്ടിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്; അവ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഖാദി ബോർഡ് എന്നിവ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ്, സിഡ്കോ എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.